

# ലിറ്റിൽ ലൈറ്റ്സ്
## ഡിജിറ്റൽ മാഗസിൻ

### ലിറ്റിൽ കൈറ്റ്സ്

### ഗവ.ഹയർ സെക്കന്ററി സ്കൂൾ കാട്ടിക്കുളം

**LK/2018/15009**

കാട്ടിക്കുളം ഗവ ഹയർ സെക്കന്ററി സ്കൂളിലെ

ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ കൊച്ചുമാഗസിൻ.

ഉള്ളടക്കം ഏറെയില്ലെങ്കിലും

ഇത് തയ്യാറാക്കുന്നതിൽ

ഇവിടുത്തെ കൊച്ചുകൂട്ടുകാരുടെ അധ്വാനം ഏറെയാണ്.

കുഞ്ഞുചിന്തകൾ താളുകളിലേക്കെത്തിച്ച്

ഡിജിറ്റലാകുമ്പോൾ.....

അതുകണ്ടാസ്വദിക്കുമ്പോഴുള്ള ആനന്ദം ഏറെയാണ്.

എല്ലാ ഗുരുവര്യന്മാരെയും മനസ്സാൽ സ്മരിച്ചുകൊണ്ട്

ഞങ്ങൾ സമർപ്പിക്കട്ടെ

ലിറ്റിൽ ലൈറ്റ്സ്

# എഡിറ്റോറിയൽ



**ഞങ്ങൾ**

**2019–21 വർഷത്തെ**

**ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ....**

**40 പേർ**

**പരിമിതികൾക്കിടയിലും**

**ഒരു ചെറിയ ഡിജിറ്റൽ മാഗസിൻ**

**പ്രസിദ്ധീകരിക്കുകയാണ്........**

**ലിറ്റിൽ ലൈറ്റ്സ്.**

**ഇതിനൊരു സവിശേഷതയുണ്ട്......**

**ഇത്തവണ ഈ മാഗസിൻ ശ്രദ്ധേയമാക്കുന്നത്**

**അമ്മയുടെ കവിതയാണ്,**

**അതെ, പത്താം ക്ലാസ് വിദ്യാർഥിയായ**

**അജയ് കൃഷ്ണയുടെ അമ്മ ശ്രീമതി ബിന്ദു രാജൻ**

**ഈ അമ്മയാണ് ഇത്തവണത്തെ ഡിജിറ്റൽ മാഗസിനിലെ താരം,**

**ഈ ചെറിയ വിളക്കുകളിലൂടെ ...**

**വലിയ തെളിച്ചം**

**ഏവരിലേക്കും പ്രസരിക്കട്ടെ..**

**എഡിറ്റർ**

**ഫാത്തിമത്തുൽ തസ്ലിയ**

**9 A**

# ആശംസകൾ



**പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തെ വിദ്യാലയങ്ങളെല്ലാം ഹൈടെക്കായി മാറിയിരിക്കുന്നു. ഐസിടിയുടെ സാധ്യതകൾ പൂർണമായും പ്രയോജനപ്പെടുത്തി പഠന പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമായി മുന്നേറുന്നു. ഹൈടെക് സ്കൂളുകളിലെ കുട്ടികളുടെ കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ നേതൃത്വത്തിൽ തുടർച്ചയായി രണ്ടാം വർഷവും ഡിജിറ്റൽ മാഗസിൻ തയാറാക്കുന്നു എന്നറിഞ്ഞതിൽ സന്തോഷിക്കുന്നു, എല്ലാ ആശംസകളും നേരുന്നു.**

**കെ സിജിത്ത്,**

**പി ടി എ പ്രസിഡണ്ട്,**

**ജി എച്ച് എസ് എസ് കാട്ടിക്കുളം.**

# ആശംസകൾ



**ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ നേതൃത്വത്തിൽ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാ ആശംസകളും നേരുന്നു.**

**ലൂസി സി ടി**

**പ്രധാനാധ്യാപിക**

**ഗവ.ഹയർ സെക്കന്ററി സ്കൂൾ കാട്ടിക്കുളം**



## Table of Contents

എഡിറ്റോറിയൽ.....3
ആശംസകൾ.....4
ആശംസകൾ.....5
സ്വപ്നം.....8
പൊതിഞ്ഞു കെട്ടിയ കാഴ്ചകൾ.....9
കുടുംബബന്ധം.....10
തോരാമഴ.....11
കേരളത്തെ നടുക്കിയ പ്രളയം.....12
വേദം.....13
ഭാരതീയ സ്ത്രീത്വം.....15
പ്രകൃതിസ്നേഹിയായ പെൺകുട്ടി.....16
പൂന്തോട്ടം.....17
മനുഷ്യത്വം.....18
മാനത്തെ പാട്ട്.....19
പ്രളയം.....20
എന്റെ വിദ്യാലയത്തിലെ ഓർമകൾ.....21
കുഞ്ഞിക്കിളി.....22
ജീവന്റെ തുടിപ്പ്.....23
മതിലുകൾ.....25
കണ്ണേ മടങ്ങുക.....27
അഹങ്കാരം തന്ന തിരിച്ചടി.....28
പ്രകൃതി സംരക്ഷണം.....29
വിദ്യാലയപ്രവർത്തനങ്ങളിലൂടെ.....30



**വര- രോഹിത് റോബിൻ $ അലയ് കൃഷ്ണ**

**9 എ**

# സ്വപ്നം

**കവിത**



കളകളമൊഴുകുന്ന പുഴയുടെ ഓളങ്ങൾ
കാണുമ്പോഴെന്നുള്ളിൽ ചന്തമേറും
ഇക്കിളി കൂട്ടുന്ന തെന്നലിൻ തുള്ളികൾ
തഴുകുമ്പോഴെന്നുള്ളിൽ മോഹമേറും
മഞ്ഞുകണങ്ങളാൽ മിന്നിത്തിളങ്ങുന്ന
പൂക്കളെ കാണുമ്പോൾ പുളകമേറും
ചിറകടിച്ചുയരത്തിൽ പാറി പറക്കുന്ന
കിളികളെക്കാണുമ്പോൾ പുതുമയേകും
ഹിമകണം പൊഴിയുന്ന പുലരി തൻ ശോഭയും
മിഴിവാർന്ന മിഴിയിലും കുളിർമയേകും
രാത്രി തൻ വേളയിൽ ശ്രുതികളാൽ മീട്ടുന്ന
രാക്കുയിൽ പാട്ടിൽ ഞാൻ ലയിച്ചു പോകും
അകലെ നിന്നെത്തുന്ന കുളിർക്കാറ്റിൻ പാട്ടുകൾ
കേൾക്കുമ്പോഴെന്നുള്ളിൽ മധുരമേറും
എല്ലാം പ്രകൃതി തൻ സ്വപ്നമെന്നറിയുമ്പോൾ
അറിയാതെയെന്നുള്ളിൽ ദുഃഖമേറും.

**ബിന്ദു രാജൻ**
**m/o അജയ് കൃഷ്ണ**
**10 D**

# പൊതിഞ്ഞു കെട്ടിയ കാഴ്ചകൾ

**കവിത**



**കാഴ്ചയുണ്ടെന്നറിയവേ കാഴ്ചയില്ലാത്തവനാകുന്നു നീ**
**എന്തിനീ ക്രൂരതകൾ ചെയ്യുവാൻ**
**കാഴ്ച നൽകിയെൻ ദൈവമേ നീ.**
**നടിച്ചും നശിപ്പിച്ചുമീ ഭൂവിനെയിവ്വിധം മാറ്റുവാൻ**
**നിങ്ങൾക്കു മാത്രം സാധ്യം മനുഷ്യരേ..**
**ലോകത്തിൻ കാവൽക്കാരായ് സൃഷ്ടിച്ചു നീയെന്നിരുന്നാലും**
**ഇന്നീലോകത്തിന്നന്തകരായ് മാറുന്നിവർ**
**ഇപ്രകാരം മനമെങ്ങനെ ക്രൂരമാകുന്നു?**
**കാണിക്കുന്നതെല്ലാം നീ കാണുന്നു**
**കാണുന്നുവെന്നു നടിക്കുന്നു..**
**എൻ സൗന്ദര്യമെല്ലാമേ വെട്ടി നശിപ്പിച്ചു നീ**
**പെറ്റമ്മയല്ലെങ്കിലും പോറ്റമ്മയായ്ക്കരുതി-**
**യെന്നോടു നിനക്കലിവൊന്നുമില്ലേ..**
**ഇനിയെന്തു മാർഗമെൻ ഹൃദയം തുരന്നു നീ**
**ക്രൂരതയാലെത്ര ജീവൻ പൊലിയുന്നു**
**മരങ്ങൾ മുറിച്ചു നീ,മലകളിടിച്ചു നീ**
**കൺകെട്ടുവിദ്യകളെന്നോടു കാട്ടി നീ**
**എന്നിട്ടും നിൻ കണ്ണുകളെന്തേ പൊതിഞ്ഞുവച്ചൂ..**

**പ്രണവ് പ്രകാശ്**

**9 എ**

# കുടുംബബന്ധം




ഏതൊരു വ്യക്തിയുടേയും നിലനിൽപ്പിന്റെ ഭാഗമാണ് കുടുംബം.കുടുംബനിലനിൽപ് മനുഷ്യനിലനിൽ പ്പിന് ആവശ്യമായ ഘടകമാണ്. കുടുംബബന്ധം വളർത്തുന്നവന് അതുകൊണ്ട് ദോഷം വരില്ല. പക്ഷേ ഇന്നത്തെ സമൂഹം അത് നിലനിർത്തുന്നില്ല.പരസ്പര സ്നേഹമോ കരുതലോ ഇല്ല.

ഇന്നത്തെ സമൂഹത്തിൽ  എല്ലാവരും കുടുംബത്തിൽ കലഹമുണ്ടാക്കി തെറ്റിപ്പിരിയുകയാണ്. പണ്ടുകാലത്ത് തറവാട്ടിൽ എല്ലാവരും ഒരുമിച്ചായിരുന്നു താമസിച്ചിരുന്നത്. പക്ഷേ ഇപ്പോൾ എല്ലാവരും വേറെ വേറെ വീടുകളിലാണ്. ഇതിൽ നിന്നും വരും തലമുറ മനസ്സിലാക്കുന്നത് കുടുംബദൃഢതയില്ലെന്നാണ്. അതുകൊണ്ട് അവരും അത് പിൻപറ്റുന്നു.സ്വന്തം മാതാപിതാക്കളെപ്പോലും വൃദ്ധസദനങ്ങളിൽ കൊണ്ടുപോയി  അയയ്ക്കുകയാണ്. അങ്ങനെയുള്ള ഈ സമൂഹത്തിൽ എങ്ങനെയാണ് കുടുംബബന്ധം പുലർത്തിന്നത് എന്ന് നമ്മൾ തിരിച്ചറിയേണ്ടിയിരിക്കുന്നു.

**ഫാത്തിമത്തുൽ ഹിബ**
**8 ബി**

# തോരാമഴ

**കവിത**



**പേമാരിയായ് പെയ്തു വർഷജലം**

**മണ്ണിന്നു കുളിരായ് വിണ്ണിന്നൊരാഘോഷമായ്**

**വാനിൽ പൂവൊന്നടർത്തിവന്നു നിന്നു**

**കാർമുകിലിൻ മടിത്തട്ടിൽ താളം പിടിച്ചു-**

**ല്ലസിച്ച് മന്ദമാരുതൻ തൻ ചിറകിലേറി**

**ഭൂവിൽ വന്നുതിർന്നുവിഴും മഴയേ നിൻ**

**ചിറകിൽ ഞാൻ ഒന്ന് സ്പർശിച്ചോട്ടെ...**

**നിൻ സൗന്ദര്യമെത്രനുകർന്നാലും മതിവരികില്ല**

**പാരിൽ നിൻ സുഗന്ധമാദ്യമായ് മണ്ണിൽ നിന്നുമുതിരുമ്പോൾ**

**പുതുമഴയായ്...**

**ജീവജാലങ്ങളിൽ നിറയുന്നിതുന്മേഷം**

**മഴയേ ആരാണു നീ...**

**സ്വർഗലോകത്തിൻ കാവൽക്കാരിയോ**

**അതൊ ജീവൻ തൻ തുടിപ്പായേവർക്കുമമ്മയായ്...**

**ദാഹജലം നൽകും ദേവതയോ...**

ദേവനന്ദ പി കെ

**9 എ**

# കേരളത്തെ നടുക്കിയ പ്രളയം



**കുറിപ്പ്**

കേരളത്തെ നടുക്കിയ പ്രളയം. ദൈവത്തിന്റെ സ്വന്തം നാടായ കേരളം ഒറ്റ നിമിഷം കൊണ്ടാണ് തകർന്നുവീണത്. എന്താണ് സംഭവിക്കുന്നത് എന്നറിയാതെ പൊലിഞ്ഞുപോയ ജീവനുകൾ .കവളപ്പാറയിലും പുത്തുമലയിലും ഉരുൾപൊട്ടിയപ്പോൾ പ്രകൃതിയുടെ എത്ര സുന്ദരമായ കാഴ്ചയാണ് മങ്ങിമറഞ്ഞത്. നാം പ്രകൃതിയോട് ചെയ്യുന്നതെന്തോ അതിന് തിരിച്ചടിയായി പ്രകൃതി നമുക്ക് തരുന്ന മറുപടിയാണ് പ്രളയം. ഒറ്റപ്പെട്ട വയനാട്. എവിടെ നിന്നും സഹായങ്ങൾ എത്തിക്കാനില്ലാതെ ദുരിതമനുഭവിക്കുന്ന ജനങ്ങൾ.വർത്തമാന കാലഘട്ടത്തിൽ ഒട്ടും പ്രസക്തമല്ലാതിരുന്ന ഗാന്ധിജിയുടേയും ശ്രീനാരായണഗുരുവിന്റേയും വാക്കുകളാണ് പ്രളയത്തിൽ നമുക്ക് പ്രചോദനമായത്. ഒരു ജാതി, ഒരു മതം ഒരു ദൈവം മനുഷ്യന്. അതെ പലതും നശിപ്പിച്ചുകൊണ്ട് പ്രകൃതി സംഹാരതാണ്ഡവമാടി. മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ളവരും മത്സ്യത്തൊഴിലാളികളും പ്രളയത്തിൽ സഹായഹസ്തങ്ങൾ നീട്ടിയവരാണ്. പ്രളയത്തിൽ നാം കാണിച്ച ഒരുമയും സാഹോദര്യവും നാമോരോരുത്തരിലും നിലനിൽക്കട്ടെ. നാമെല്ലാവരും പ്രളയത്തെ നേരിട്ടു. ദൈവത്തിന്റെ സ്വന്തം നാടാണെന്ന് തെളിയിച്ചു.

**ആൻസി വിനോദ്**

**8 ബി**

**ആസ്വാദനക്കുറിപ്പ്**



## വേദം

**യൂസഫലി കേച്ചേരി**

മലയാള സാഹിത്യ തറവാട്ടിലെ അനശ്വരനായ ഒരു കവിയാണ് യൂസഫലി കേച്ചേരി. ഇദ്ദേഹത്തിന്റെ "കഥയെ പ്രേമിച്ച കവിത" എന്ന കൃതിയിലെ വേദം എന്ന കവിതയാണ് നമുക്കിവിടെ ചർച്ച ചെയ്യാനുള്ളത്.

ഈ കവിതാഭാഗത്ത് ബ്രിട്ടീഷ് വാഴ്ചക്കാലത്തെ ദാരിദ്ര്യവും അന്നം ഒരു സ്വപ്നമായിരുന്ന കാലത്തുള്ള ദാനം ചെയ്യാൻ കാണിക്കുന്ന അമ്മയേയും കുഞ്ഞിനേയുമാണ് ഈ കവിതയിൽ കാണുന്നത്. വിശന്നുവലഞ്ഞു ഭക്ഷണം കഴിക്കാൻ ചെന്നപ്പോൾ പാത്രത്തിൽ ചോറും അൽപം പുളിച്ചമ്മന്തിയും മാത്രം കാണുന്ന കുട്ടിക്ക് ഉപ്പേരിയോ മീനോ കറികളോ ഒന്നും കാണാത്തതിനാൽ ദേഷ്യവും സങ്കടവും തോന്നി പരിഭവത്തോടെ ഭക്ഷണം കഴിക്കാതെ പുറത്തേക്കിറങ്ങുന്നു. വീടിനു പിന്നാമ്പുറത്ത് അവൻ കണ്ട കാഴ്ച ആ കൊച്ചുമനസ്സിനെ നൊമ്പരപ്പെടുത്തി. ബ്രിട്ടീഷ് ഭരണവും യുദ്ധക്കെടുതിയും കാരണം അന്നം അന്നൊരു സ്വപ്നമായിരുന്നു. വീടിനു മുറ്റത്ത് കഞ്ഞി വിളമ്പുന്ന ഉമ്മയെ കണ്ടപ്പോൾ അവന്റെ ദേഷ്യത്തെ കെടുത്തി. വിരലിലെണ്ണാവുന്ന വറ്റുകൾ മാത്രമുള്ള കഞ്ഞി കുടിക്കുന്ന ജനങ്ങൾ പ്രായഭേദമന്യേ കഞ്ഞിക്കായി തിരക്ക് കൂട്ടുന്നു.

ഈ കാഴ്ച കണ്ടു നിൽക്കുന്ന മകനെ കണ്ട ഉമ്മ മകനോട് പറയുന്ന വാക്കുകൾ കരളയിപ്പിക്കുന്നതാണ്. ഇത്രയും ജനങ്ങൾക്ക് ഭക്ഷണമുണ്ടാക്കുന്ന തിരക്കിൽ താൻ മീൻകറിയൊന്നും ഉണ്ടാക്കിയില്ലെന്നും ഇപ്പോൾ ഉള്ളിച്ചമ്മന്തി കൂട്ടി ചോറുകഴിക്കു,ബെല്ലടിക്കാൻ സമയമായി, മോൻ സ്കൂൾ വിട്ട് വരുമ്പോഴേക്കും അയലക്കറി ഉണ്ടാക്കി വെക്കാമെന്നും പറഞ്ഞ് പോയ ഉമ്മയുടെ നന്മ കണ്ട മകൻ തന്റെ ചോറുകൂടി എടുത്ത് അതുകൂടി അവർക്ക് നൽകാൻ പറയുന്നു.

മകന്റെ ഈ നിഷ്കളങ്കത കാണുന്ന ഉമ്മ പൊട്ടിക്കരഞ്ഞ് മകനെ നെഞ്ചോട് ചേർത്തു പിടിച്ച് വിശന്നവലഞ്ഞ് അന്നം തേടുന്നവരിലാണ് യഥാർഥ ദൈവം ഉള്ളതെന്ന സത്യം മനസ്സിലാക്കുന്നു.



**റസ്മിന ആർ**

**8 എ**

# ഭാരതീയ സ്ത്രീത്വം



മഹത്തായ ഭാരതത്തിന്റെ കഴിഞ്ഞുപോയ കാലത്ത് ശ്രേഷ്ഠതയുള്ള പല വ്യക്തികളും ധീരന്മാരും വിവേകികളും ഉണ്ടായിരുന്നു. അതിനോടൊപ്പം തന്നെ സീത, സാവിത്രി, അഹല്യ,ശകുന്തള എന്നീ ശ്രേഷ്ഠനായികമാരേയും ഭാരതം സൃഷ്ടിച്ചു. അവരിന്നും സ്ത്രീത്വത്തിന്റെ ആദർശമാതൃകകളായി കരുതപ്പെടുന്നു. ശ്രേഷ്ഠതയുടെ മാതൃകയായി ഈ ഭാരതീയ സ്ത്രീകളെ ലോകമെമ്പാടും കരുതപ്പെടുന്നു. ആദർശ ഭാര്യ, സഹോദരി,അമ്മ എന്നീ നിലകളിലാണ് അവൾ ലോകമെമ്പാടും അറിയപ്പെടുന്നത്. അവരുടെ ഏറ്റവും വലിയ ആദർശം ഭർത്താവിനോടുള്ള ഭക്തിയാണ്.

ഇന്നും ഒരു ഇന്ത്യൻ വനിത വിവാഹിതയാകുമ്പോൾ ആധുനിക സാവിത്രിയായിരിക്കണം എന്ന ആശംസയാണ് നൽകപ്പെടുന്നത്. സൗന്ദര്യം, വിനയം,നളിനം എന്നിവയുടെ മൂർത്തിമദ്ഭാവമാണ് ഭാരതീയ സ്ത്രീ. ഭർത്താവിനോടുള്ള ഭക്തി അല്ലാതെ ഭാരതീയ സ്ത്രീകൾക്ക് വേറെ ആദർശങ്ങളുമുണ്ട്. പീഡിതരായവരും അധ്വാനിക്കുന്നവരുമായ മനുഷ്യവർഗത്തിനെ സ്നേഹിക്കുന്നതും സേവിക്കുന്നതും രാജ്യത്തിനോടുള്ള സ്നേഹവും അതിശ്രേഷ്ഠമായ കടമയായി ഭാരതീയ വനിതകൾ കരുതുന്നു. നമ്മുടെ സ്വാതന്ത്ര്യസമയപോരാട്ടകാലത്ത് എന്തുമാത്രം വേദനയും യാതനയുമാണ് നമ്മുടെ ഭാരതീയ സ്ത്രീകൾ അനുഭവിച്ചതെന്ന് നമുക്കറിയാമല്ലോ.ഭാരതത്തിൽ ഉന്നതസ്ഥാനങ്ങൾ വഹിക്കാനുള്ള അർഹത തീർച്ചയായും ഭാരതീയ വനിതകൾക്കുണ്ട്.

**ദേവപ്രിയ രാജേഷ്**

**8 എ**

# പ്രകൃതിസ്നേഹിയായ പെൺകുട്ടി

നിറയെ മരങ്ങൾ തിങ്ങി നിറഞ്ഞ് നിൽക്കുന്ന ഒരു കാട്.അനവധി മൃഗങ്ങളും പക്ഷികളും അവിടെ വസിക്കുന്നുണ്ടായിരുന്നു. കളകളം പാടി ഒഴുകുന്ന കാട്ടരുവികൾ.അങ്ങനെ ഒരു ദിവസം, ഒരു കൂട്ടം മനുഷ്യന്മാർ അവിടെവന്നെത്തി.അവരുടെ കൈയിൽ വാളും,കോടാലിയും മറ്റുമുള്ള പലതരം ഉപകരണങ്ങൾ ഉണ്ടായിരുന്നു.അവർ മരങ്ങൾ ഓരോന്നോരോന്നായി മുറിച്ചിടാൻ തുടങ്ങി.ഇതുകണ്ട് കാട്ടിലെ മൃഗങ്ങളെല്ലാം സ്തബ്ധരായി ദുഃഖിതരായി നിന്നുപോയി. അതല്ലാതെ അവർക്ക് മറ്റൊന്നും ചെയ്യാൻ കഴിയുമായിരുന്നില്ല.മരംമുറിക്കാർ അവരുടെ പണി തുടർന്നുകൊണ്ടിരുന്നു.അപ്പോൾ പെട്ടെന്നൊരു വണ്ടിയുടെ ശബ്ദം.അവർ ഒരു നിമിഷം അനങ്ങാതെ നിന്നു.അതിൽ നിന്ന് ഒരു ഇരുപതു വയസ്സ്പ്രായം തോന്നിക്കുന്ന ഒരു പെൺകുട്ടി ഇറങ്ങി.കാടിന്റെ സൗന്ദര്യം ആസ്വദിക്കാൻ വന്ന അവൾ കണ്ടത് അതിനെ ഇല്ലാതാക്കിക്കൊണ്ടിരിക്കുന്ന ഒരു കൂട്ടം മനുഷ്യപ്പിശാചുകളെയായിരുന്നു. അവൾക്ക് ഒറ്റക്ക് അവരെ നേരിടാൻ സാധിക്കുമായിരുന്നില്ല.അതുകൊണ്ട് അവൾ പെട്ടെന്ന് വനസംരക്ഷകരെ വിളിച്ച് വരാൻ പറഞ്ഞു.അവർ അതിവേഗത്തിൽ അവിടെയെത്തി. അവരെ പിടിച്ച് പൊലീസ് സ്റ്റേഷനിലേക്ക് കൊണ്ടുപോയി.അവർ ഒരുപാട് മരങ്ങൾ മുറിച്ചിരുന്നു. പ്രകൃതിസ്നേഹിയായ ആ പെൺകുട്ടി കുറച്ച് വൃക്ഷത്തൈകൾ കൊണ്ടു വന്നു വെച്ചുപിടിപ്പിച്ചു. അങ്ങനെ ആ പെൺകുട്ടി എല്ലാവർക്കും ഒരു മാതൃകയായി.

**കവിത**



# പൂന്തോട്ടം

നട്ടുനനച്ച് വളർത്താം വീട്ടിൽ
സുന്ദരമായൊരു പൂന്തോട്ടം
തൊട്ടുകളിച്ച് ചിരിക്കാമെന്നും
തൊടിയിൽ തുള്ളിച്ചാടീടാം
പൂമണമുയരും നേരത്തൊക്കെ
മൂക്കിനെ മാടി വിളിച്ചീടാം
തൊടിയിൽ വിടരും പൂക്കളെ കാണാൻ
കണ്ണിനെ വേഗമുണർത്തീടാം
വണ്ടുകൾ മൂളി വരുന്നാനേരം
കാറ്റ് ചിരിച്ച് പറന്നീടും
തൊടിയിൽ പൂവ് വിരിയുന്നേരം
മേനിക്കുണ്ടേ ആനന്ദം.

**ഫിദ ഫെബിൻ**

**8 ബി**



## മനുഷ്യത്വം

ഇന്ന് മനുഷ്യരുടെ ഇടയിൽ നിന്ന് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന അമൂല്യമായ ഒരു സ്വഭാവസവിശേഷതയാണ് മനുഷ്യത്വം. മനുഷ്യത്വം ഒരു സ്വഭാവസവിശേഷത എന്നതിലുപരി ഒരു മനുഷ്യന് മററു മനുഷ്യരോട് കാണിക്കാൻ പറ്റുന്ന സ്നേഹപ്രകടനം കൂടിയാണ്. എല്ലാവരിലും ഇത് തീർച്ചയായും ഉണ്ടായിരിക്കണം.എന്നാൽ ഇന്ന് കാലം മാറി, ലോകം മാറി. സമൂഹപുരോഗമനത്തിനനുസരിച്ച് എല്ലാത്തിനും മാറ്റം സംഭവിച്ചു. മനുഷ്യമനസ്സിനും സ്വഭാവത്തിനും വരെ. ഇന്ന് മനുഷ്യമനസ്സുകളിൽ ഇത് അസാധാരണമാണ്. ഇന്നത്തെ സമൂഹത്തിൽ നിന്ന് മനുഷ്യത്വം തേച്ചുമായ്ക്കപ്പെട്ടു എന്ന് വേണമെങ്കിൽ പറയാം. ഇന്ന്  പോലുള്ള നന്മകൾക്ക് വിലകൽപ്പിക്കാത്തവരാണ് ലോകത്തിൽ അധികവും. ഇന്നത്തെ ആളുകൾ സ്വന്തം ഭാവിയും സന്തോഷവും സമാധാനവും മാത്രം നോക്കി ജീവിക്കുകയാണ്. എല്ലാവരും സ്വാർഥരാണ്.എല്ലാവരും അവനവന്റെ ലോകത്തിലേക്ക് ഒതുങ്ങുന്നു.

എന്നാൽ നമ്മുടെ മുൻഗാമികൾ ഇങ്ങനെയായിരുന്നില്ല. ഗാന്ധിജിയും ശ്രീനാരായണഗുരുവുമൊന്നും സ്വന്തം സന്തോഷത്തിന് വേണ്ടിയല്ല പ്രയത്നിച്ചത്. അവർ അതിനേക്കാൾ മൂല്യം കൽപ്പിച്ചിരുന്നത് ജനങ്ങളുടെ സമാധാനത്തിന് വേണ്ടിയായിരുന്നു. അവർ നമുക്ക് വേണ്ടി പ്രയത്നിച്ചപ്പോൾ  അവർ വെടിയുന്നത് അവരുടെ സന്തോഷങ്ങളായിരുന്നു. അവർ മനുഷ്യനെ സ്നേഹിച്ചു. അവരെ സഹായിച്ചു. സഹസ്നേഹം പുണ്യകരമായ ഒന്നായി കണ്ടു.അതിലൂടെ അവർ കരസ്ഥമാക്കിയ ആത്മസംതൃപ്തി അതിമൂല്യമുള്ളതായിരുന്നു. അന്ന് അവർ തിരിച്ചറിഞ്ഞത് ജീനിതമൂല്യങ്ങളായിരുന്നു. അതാണ് യഥാർഥ മനുഷ്യത്വം.

ദാഹിച്ചു വലഞ്ഞവന് ഒരു തുള്ളി വെള്ളം നൽകാൻ മടിക്കുന്ന ഇന്നത്തെ മനുഷ്യർ മാറിയേ തീരൂ. ..... തീർച്ച... എന്നെങ്കിലുമൊരുനാൾ.....

**അഷ്മില വി**

**8 ബി**

**കവിത**

# മാനത്തെ പാട്ട്





മാനത്ത് മിന്നും താരകമേ
ഒന്നു തൊടാൻ കൈ തരുമോ
കാതുകൾ പൊത്തിയും മിണ്ടാട്ടം മിണ്ടിയും
കള്ളത്തരമൊന്നും കാട്ടിടല്ലേ..
മിന്നി മിന്നി ഓടിക്കളിക്കും താരകമേ
സന്ധ്യമയങ്ങുന്ന നേരത്ത് ദൂരത്ത്
കണ്ണുമിഴിച്ച് വരുന്ന നേരത്ത്
കൂട്ടിന്നു കൂട്ടുകാരെത്രയുണ്ട്
അമ്പിളിമാമനെ കാണുമ്പോൾ നെഞ്ചകം
ഉത്സാഹം കൊണ്ട് തുടിക്കുന്നു..

**ജ്യോതിഷ്ണ പി എസ്**

**9 ഡി**

**കവിത**

# പ്രളയം



ഭൂമിക്കിതാ ഒരു രാക്ഷസരൂപം
ഉഗ്രരൂപിണിയാം രൂപം
നഖത്തിലും ദന്തത്തിലും രക്തം
വൻ ദുരന്തമയം
പ്രകൃതിയെപ്പിളർത്തിയീ പ്രളയം
എത്ര ജീവജാലങ്ങൾ
എത്രയോ സ്വത്തുകൾ
ഭ്രാന്തമായ കൈകളാൽ
തുടച്ചുമാറ്റി ഹാ കഷ്ടം..
കാണാനാവാത്ത കാഴ്ചകൾ
ഏറെയിനി കാണുവാൻ
വയ്യെനിക്കു മിഴികളേ
അടയുവിൻ വേഗം നിങ്ങൾ
ദുരന്തഭൂവിൽ നിന്നിതാ
മനമേ ഗമിക്കുക

**ഫാത്തിമത്തുൽ തസ്നിയ**

**9 എ**


# എന്റെ വിദ്യാലയത്തിലെ ഓർമകൾ

**മിനിക്കഥ**

സങ്കടങ്ങളും സന്തോഷങ്ങളും എന്നിലൂടെ കടന്നുപോയിരിക്കുന്നു. ഇന്നും മനസ്സിൽ മായാതെ നിൽക്കുന്നത് ആ വരാന്തകളും ക്ലാസ്മുറികളുമാണ്. അന്ന് എന്റെ പേരിന്റെ ഒപ്പം ഞാൻ എഴുതാനാഗ്രഹിച്ചത് അവരുടെ പേരായിരുന്നു സുഹൃത്ത്. ചുവരുകളിൽ പേരുകൾ ചേർത്തത് ക്ലാസ് മുറികൾ മറക്കാതിരിക്കാൻ വേണ്ടിയാണോ ? വരാന്തകളിൽ കഥ പറഞ്ഞുനിന്നത് തൂണുകൾക്ക് കേൾക്കാനായിരുന്നോ? ഒന്നിനും ഒരുത്തരം അന്നില്ലായിരുന്നു. എന്നാൽ കാലത്തിനപ്പുറം വീണ്ടും ഒരു തിരിച്ചുവരവ് പ്രതീക്ഷിച്ചിരുന്നു. അന്ന് ചുവരിലെ പേരുകളും വരാന്തയിലെ കഥകളും കളികളും ഓർമിപ്പിക്കുന്നത് കഴിഞ്ഞുപോയ കുറച്ച് നല്ല ഓർമകൾ മാത്രമല്ല തിരിച്ചുകിട്ടാത്ത ആനന്ദലഹരി കൂടിയാണ്.



**സയന**



# കുഞ്ഞിക്കിളി

**കവിത**



കണ്ടില്ലേ കണ്ടില്ലേ കുഞ്ഞിക്കിളിയെ കണ്ടില്ലേ
പാട്ടുകളെല്ലാം പാടിവരുന്നൊരു
കുഞ്ഞിക്കിളിയെ കണ്ടില്ലേ..
നെല്ലുകൾ കൊത്തിയും കിന്നാരം ചൊല്ലിയും
പാറിപ്പറന്നീടും കുഞ്ഞിക്കിളി
ഇത്തിരി പൊത്തിൽ ഒത്തിരി നേരം
തത്തിക്കളിച്ചീടും കുഞ്ഞിക്കിളി
കൂട്ടുകൾ കൂടിയും കുസൃതികൾ കാട്ടിയും
മാനത്ത് പാറിക്കളിക്കും കിളി
മാനം കറുക്കുമ്പോൾ ഓടിയൊളിച്ചീടും
കുഞ്ഞിക്കിളിയെ കണ്ടില്ലേ..

**ഗൗരി**

**9 ഡി**

# ജീവന്റെ തുടിപ്പ്

**കഥ**



അവർ വിവാഹം കഴിച്ചിട്ട് പത്തുപതിനഞ്ച് വർഷമായി.കുഞ്ഞുങ്ങളില്ലാത്ത അവർ ഒരു കുഞ്ഞിനെ താലോലിക്കാൻ ഏറെയാഗ്രഹിക്കുന്നു. ഇതാ ഒരു സന്തോഷവാർത്ത. അവർക്ക് കുഞ്ഞുണ്ടാവാൻ പോകുകയാണ്. ഇരട്ടക്കുഞ്ഞുങ്ങളാണെന്നറിഞ്ഞതും അവർ സന്തോഷത്താൽ തുള്ളിച്ചാടി. തന്റെ കരുതലും സ്നേഹവും ആ അച്ഛൻ ഭാര്യക്ക് കൊടുത്തു. നിറഞ്ഞ സന്തോഷവതിയാണ് ആ അമ്മയിപ്പോൾ. താൻ ഒരു കുഞ്ഞിന് ജന്മം നൽകാൻ ആഗ്രഹിച്ചെങ്കിലും ദൈവം തന്റെ ആശ കണ്ട് അവർക്ക് രണ്ട് കുഞ്ഞുങ്ങളെ നൽകിയെന്നാണ് ആ അമ്മ കരുതിയിരിക്കുന്നത്. തനിക്ക് ജനിക്കാൻ പോകുന്ന കുഞ്ഞ് എങ്ങനെയായിരിക്കും.. അവരെ താൻ എങ്ങനെയെല്ലാം നോക്കണം.. അവർക്കുവേണ്ടി അമ്മ എന്തെല്ലാം ചെയ്യണമെന്നൊക്കെ അമ്മ ചിന്തിച്ചു. നാളുകൾ, മാസങ്ങൾ ...ഏറെ നീണ്ടുപോയത് അവർ അറിഞ്ഞില്ല. ഇതാ സമയമടുത്തുകഴിഞ്ഞു ആ കുഞ്ഞുങ്ങൾക്ക് ജന്മം നൽകാൻ.അച്ഛൻ വഴിയിൽ കാത്തുനിൽക്കുകയാണ്. നഴ്സ് കൊണ്ടുവന്ന കുഞ്ഞിനെ തന്റെ ഇരുകൈകളാൽ വാരിപ്പുണർന്നു. അപ്പോഴാണ് ആ അച്ഛനോർത്തത് ഇരട്ടകളിൽ ഒരാളെവിടെ.. നഴ്സിനോട് ചോദിച്ചപ്പോൾ ആദ്യമൊന്ന് പരുങ്ങിയെങ്കിലും അവർ പറഞ്ഞു.നിങ്ങളുടെ ഭാര്യയെ വാർഡിലേക്ക് മാറ്റി. അവിടെവച്ച് കാണാം.. വരൂ.. കുഞ്ഞിനെക്കാണാനുള്ള ധൃതിയിൽ അയാൾ വേഗം നടന്നു. തന്റെ ഭാര്യ ബെഡ്ഡിലുണ്ട്. പക്ഷെ കുഞ്ഞിനെ കാണുന്നില്ല. ഒടുവിൽ ഡോക്ടർ പറഞ്ഞു കുഞ്ഞിനെ രക്ഷിക്കാനവർക്കായില്ലെന്ന്. പൊട്ടിക്കരഞ്ഞുകൊണ്ട് ആ അമ്മ പറഞ്ഞു അവസാനമായി ആ കുഞ്ഞിനെ അവർക്കൊന്ന് കാണണമെന്ന്. നഴ്സ് കൊണ്ടുവന്ന

കുഞ്ഞിന്റെ ചലനമറ്റ ശരീരത്തെ വാരിയെടുത്ത് നെറുകയിൽ ഉമ്മവച്ച് ആ അമ്മ കരയുന്നത് കണ്ടുനിന്ന ഏവരുടേയും മനസ്സലിഞ്ഞുപോയി. നഴ്സ് വന്ന് കുഞ്ഞിനെയെടുക്കാൻ ശ്രമിച്ചപ്പോഴുമവരതിനെ നെഞ്ചോടുചേർത്തു. പെട്ടന്ന് ഒരു കരച്ചിൽ. അതെ..പെറ്റമ്മയുടെ നെഞ്ചിലെ ചൂടേറ്റപ്പോൾ ശ്വാസം തട്ടിയപ്പോൾ സ്നേഹം തുടിച്ചപ്പോൾ ഇതാ  കുഞ്ഞിന് പ്രാണൻ തിരിച്ച് കിട്ടിയിരിക്കുന്നു. സ്നേഹം എന്നത് ആദ്യം പഠിപ്പിച്ച വ്യക്തിയാണ് അമ്മ.

**അക്ഷയ ഉണ്ണികൃഷ്ണൻ**

**8 ബി**



# മതിലുകൾ

മലയാള നോവലിസ്റ്റും കഥാകൃത്തും സ്വാതന്ത്ര്യസമരപോരാളിയുമായിരുന്നു ബഷീർ.ബേപ്പൂർ സുൽത്താൻ എന്ന അപരനാമത്തിൽ അറിയപ്പെടുന്ന വൈക്കം മുഹമ്മദ് ബഷീർ 1908 ജനുവരി 21 ാം തീയതി തലയോലപ്പറമ്പിൽ ജനിച്ചു.രസകരവും സാഹസികവുമായിരുന്നു ബഷീറിന്റെ ജീവിതം.1982-ൽ ഇന്ത്യാ ഗവൺമെന്റ പത്മശ്രീ പുരസ്കാരം നൽകി ആദരിച്ചു.1992-ൽ ലളിതാംബിക അന്തർജനം അവാർഡും,1993-ൽ വള്ളത്തോൾ പുരസ്കാരവും,മുട്ടത്തുവർക്കി അവാർഡും ലഭിക്കുകയുണ്ടായി.ആധുനിക മലയാളസാഹിത്യത്തിൽ ഏറ്റവുംമധികം വായിക്കപ്പെട്ട എഴുത്തുകാരിലൊരാൾ എന്ന് വിശേഷിക്കപ്പെട്ടു.ജനകീയനായ എഴുത്തുകാരനായിരനായിരുന്നു ബഷീർ.പ്രധാന കൃതികൾ:- ബാല്യകാലസഖി, പ്രേമലേഖനം, ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്, ആനവാരിയും പൊൻകുരിശും, പാത്തുമ്മായുടെ ആട്, മതിലുകൾ, ശബ്ദങ്ങൾ, ഭൂമിയുടെ അവകാശികൾ തുടങ്ങിയവ. എട്ടുകാലിമമ്മൂഞ്ഞ്, നാരായണി, പാത്തുമ്മ,മജീത്,തുടങ്ങിയ ശക്തമായ, ജീവസുറ്റ ഒട്ടനവധി കഥാപാത്രങ്ങളെ സംഭാവന ചെയ്ത മഹാനാണ് അദ്ദേഹം.

വൈക്കം മുഹമ്മദ് ബഷീർ രചിച്ച പ്രശസ്ത നോവലുകളിലൊന്നാണ് മതിലുകൾ.മലയാളത്തിലെ പ്രശസ്തമായ ഒരു പ്രേമകഥയാണ് ഇത്.മറ്റ് കൃതികളെപ്പോലെതന്നെ ആത്മകഥാപരമാണ് ഈ നോവലും. രാഷ്ട്രീയത്തടവുകാരനായി ജയിലിലെത്തുന്ന ബഷീർ അവിടെ നേരിടുന്ന ചില അനുഭവങ്ങളാണു ഈ ലഘുനോവലിൽ ആവിഷ്കരിക്കുന്നത്. ഒരു മതിലിനപ്പുറത്തുള്ള സ്ത്രീജയിലിലെ നാരായണി എന്ന സ്ത്രീയുമായി പ്രണയിത്തിലാവുകയും എന്നാൽ അതൊരിക്കലും സഫലമാകാതെ പോവുകയും ചെയ്യുന്നു.ഒരു നഷ്ടപ്രണയത്തിന്റെ വേദനയാണ് നോവൽ നമുക്ക് പകർന്നുതരുന്നത്.ഇതിലെ നായകൻ ബഷീർ തന്നെയാണ്.അദ്ദേഹം ഇതിലെ നായിക

നാരായണിയെ ഒരിക്കലും കണ്ടുമുട്ടുന്നില്ലെങ്കിലും അവരുമായി അഗാധപ്രണയത്തിലാണ്.രണ്ടുപേരും പരസ്പരം വേർതിരിക്കപ്പെട്ട ജയിലുകളിൽ ആണ് കഴിയുന്നതെങ്കിലും അവരുടെ പ്രേമത്തിന്റ തീവ്രതക്ക് അതൊരു ഭംഗവും വരുത്തുന്നില്ല.

വൈക്കം മുഹമ്മദ് ബഷീറിന്റെ ഇതേ പേരിലുള്ള നോവലിനെ അടിസ്ഥാനമാക്കി അടൂർ ഗോപാലകൃഷ്ണൻ 1989-ൽ തിരക്കഥയെഴുതി സംവിധാനം ചെയ്ത മലയാളചലച്ചിത്രനോവലാണ് മതിലുകൾ.

ഒരുപാട് കഥാപാത്രങ്ങളും കഥാശൈലികളും ബാക്കിയാക്കി മഹാനായ ബഷീർ 1994 ജൂലൈ 5-ന് ഈ ലോകത്തോട് വിട പറഞ്ഞു.ഈ ദിനമാണ് ബഷീർ ദിനമായി നമ്മൾ ആചരിക്കുന്നത്.

## കണ്ണേ മടങ്ങുക



**കവിത**

മരങ്ങളില്ല  ചെടികളില്ല
പൂക്കളില്ല, പുഴകളില്ല..
മനുഷ്യപുത്രനീയവനിയിൽ
ശുദ്ധവായുവില്ല.
ദൈവത്തിൻ സ്വന്തം നാടിന്ന്
മാലിന്യം നിറഞ്ഞ നാട്
പുഴകളില്ല നദികളില്ല
പ്ലാസ്റ്റിക് മാലിന്യമെങ്ങും.
വാഴുമോ മനുഷ്യരിനിയും
ഈ  അവനിയിൽ....
കാണുകില്ല കേൾക്കുകില്ല
കണ്ണേ മടങ്ങുക
ഫ്ലാറ്റിലെ ബാൽക്കണിത്തുഞ്ചത്ത്
ജീവിതമൊതുക്കി മലയാളികൾ
കണ്ണേ മടങ്ങുക...
കണ്ണേ മടങ്ങുക.

**ആര്യ രാജേന്ദ്രൻ**

**8 ബി**

# അഹങ്കാരം തന്ന തിരിച്ചടി



**കഥ**

പണ്ടൊരു നാട്ടിൽ ഗോപാലൻ എന്ന പേരുള്ള ഒരു ദരിദ്രൻ ജീവിച്ചിരുന്നു. പണ്ട് ഒരു നാട്ടിൽ ഗോപാലൻ എന്ന പേരുള്ള ഒരു ദരിദ്രൻ ജീവിച്ചിരുന്നു . അയാൾ , വളരെ നിഷ്കളങ്കനും പാവപ്പെട്ടവനുമായിരുന്നു. പക്ഷെ , അയാളുടെ അയാൽവാസിയായ വിജയൻ ധനികനും അഹങ്കാരിയുമായിരുന്നു. വിജയന് ഗോപാലനെ ഇഷ്ടമല്ലായിരുന്നു . പക്ഷെ ഇവർക്കരണ്ടുപേർക്കും ഓരോ മക്കളുണ്ടായിരുന്നു. അവർ രണ്ടുപേരും ഒരേ ക്ലാസ്സുകളിലാണ് പഠിച്ചിരുന്നത്. കൂടാതെ അവർ ഇരുവരും ആത്മാർത്ഥ സുഹൃത്തുക്കളുമായിരുന്നു.

ഗോപാലൻ വിജയനെ സ്നേഹിച്ചിരുന്നെങ്കിലും വിജയൻ ഗോപാലനെ എപ്പോഴും കളിയാക്കിയിരുന്നു. തനിക്ക് നല്ല പണമുണ്ട് , പക്ഷെ നിനക്ക് അതിലല്ലോ എന്ന് പറഞ്ഞാണ് വിജയൻ കളിയാക്കി കൊണ്ടിരുന്നത്. പക്ഷെ , ഈ ചിന്തയൊന്നും ഗോപാലന്റെ മനസ്സിൽ ഉണ്ടായിരുന്നില്ല. അയാൾക്ക് എല്ലാവരൊടും സ്നേഹം മാത്രമേ ഉണ്ടായികുന്നുള്ളൂ.

അങ്ങനെ കുറെ കാലങ്ങൾ കടന്നുപോയി. വിജയന് ഇപ്പോഴും ഗോപാലനോട് ശത്രുതതന്നെയാണ് അങ്ങനെ, ഒരു ദിവസം വിജയൻ നടന്നുപോകുമ്പോൾ അമിതമായ നെഞ്ചു വേദനമൂലം വഴിയിൽവീണു. വിജയന്റെ അഹങ്കാരവും അസൂയയും കാരണം ആരും അയാളെ തിരിഞ്ഞ് നോക്കിയില്ല.

ആ സമയം, ഗോപാലൻ അതു വഴി വന്നു. വിജയൻ നിലത്തുവീണു കിടക്കുന്നത് കണ്ടപ്പോൾ, ഗോപാലന് വിഷമം തോന്നി. അയാൾ വിജയനെ എഴുന്നേപ്പിച്ച് ആശുപത്രിയിൽ കൊണ്ടുപോയി. പിന്നീട് , വിജയൻ ആരോടും തന്റെ അഹങ്കാരം കാണിച്ചില്ല. എല്ലാവരോടും സ്നേഹത്തോടെ പെരുമാറി. ഈ കഥ ഒരു പാഠം നമുക്ക് പഠിപ്പിച്ചുതന്നു. അഹങ്കാരം ആപത്ത്.

**അബിന റെജി**
**8 എ**

# പ്രകൃതി സംരക്ഷണം



ഭൂമിയെ സുരക്ഷിതവും ഭദ്രവുമായ ഒരു ആവാസ കേന്ദ്രമായി നിലനിർത്തുകയും സുഖദവും ശീതളവുമായ ഒരു ഹരിതകേന്ദ്രമായി അടുത്ത തലമുറയ്ക്ക് കൈമാറുകയും ചെയ്യേണ്ടത് ആവശ്യമാണ്.

നഗരങ്ങളെല്ലാം മലിനീകരണത്തിന്റെ മാരക ഫലങ്ങൾ അനുഭവിച്ചു തുടങ്ങിയിരിക്കുന്നു. കൂടുതൽ ആളുകൾ നഗരങ്ങളിൽ താമസിക്കുന്നത് കുടിവെള്ളത്തിനും ശുചീകരണത്തിനും പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. അതോടൊപ്പം ആരോഗ്യപ്രശ്നങ്ങൾ ഏറി വരികയും ചെയ്യുന്നു. മനുഷ്യവംശത്തെ തന്നെ കൊന്നൊടുക്കാൻ ശേഷിയുള്ള മാരകരോഗങ്ങൾ പടർന്നുപിടിക്കുന്നു

സാമൂഹ്യവും സാംസ്കാരികവും സാമ്പത്തികവുമായ പുരോഗതിയ്ക്ക് വികസനം അനിവാര്യമാണ്. ഈ വികസനപ്രക്രിയ പലപ്പോഴും പരിസ്ഥിതിയെ ദോഷകരമായി ബാധിക്കാറുണ്ട്. അതുകൊണ്ടുതന്നെ പരിസ്ഥിതിയെ സംരക്ഷിക്കാൻ കഴിയുന്നത്ര ദോഷകരമായി ബാധിക്കാത്തവിധത്തിലായിക്കണം വികസനം നടപ്പിലാക്കേണ്ടത്.

മനുഷ്യൻ സ്വീകരിച്ചു വരുന്ന അനഭിലഷീണവും അശാസ്ത്രീയവുമായ വികസനപ്രവർത്തനങ്ങളുടെ ഫലമായി പരിസ്ഥിതിയുടേയും ഭൂമിയുടെ തന്നെയും നിലനിൽപ് അപകടത്തിലായേക്കാം. ഭൂമിയിലെ ചൂടിന്റെ വർധന, കാലാവസ്ഥയിലുണ്ടാകുന്ന മാറ്റങ്ങൾ, ഉപയോഗശൂന്യമായ മരുഭൂമികളുടെ വർധന, ശുദ്ധജലക്ഷാമം,ജൈവവൈവിധ്യശോഷണം തുടങ്ങി ഒട്ടേറെ പരിസ്ഥിതി പ്രശ്നങ്ങൾ നമ്മെ അലട്ടുന്നുണ്ട്. ഭൂമിയിലെ ചൂട് വർധിക്കുന്നതിന്റെ പ്രധാന കാരണം അന്തരീക്ഷത്തിലെ കാർബൺ ഡൈ ഓക്സൈഡിന്റെ വർധനയാണ്. മനുഷ്യൻ പ്രകൃതിയെ ചൂഷണം ചെയ്യുന്നതിന്റെ അളവ് പരമാവധി കുറയ്ക്കണം.

**നിരഞ്ജന എസ് അശോക്**

**8 എ**

# വിദ്യാലയപ്രവർത്തനങ്ങളിലൂടെ........





സ്കൂൾ പ്രവേശനോത്സവച്ചടങ്ങ്

**കാട്ടിക്കുളം സ്കൂളിലെ പ്രൈമറി ഹൈടെക് ലാബിന്റെ ഉദ്ഘാടനം ബഹു. മാനന്തവാടി നിയോജക മണ്ഡലം എം എൽ എ ഒ ആർ കേളു നിർവഹിക്കുന്നു**

സാന്നിധ്യം - സ്കൂൾ വികസന സമിതി ചെയർമാൻ ശ്രീ ശങ്കരൻ, കൺവീനർ ടി സി ജോസഫ്, വാർഡ് മെമ്പറും പിടിഎ പ്രസിഡണ്ടുമായ ശ്രീ കെ സിജിത്ത്,പ്രിൻസിപ്പാൾ ശ്രീ പി പി ശിവസുബ്രഹ്മണ്യൻ, എച്ച് എം ലൂസി











**സ്കൂൾ അസംബ്ലിയിൽ നിന്ന്.......**

## അമ്മമാർക്കു നൽകിയ ഹൈടെക് പരിശീലനത്തിൽ നിന്ന്......






**സ്കൂൾ ബാൻറ് ടീം**





**ഹിരോഷിമ ദിനാചരണത്തിൽ നിന്ന്...**





**സബ് ജില്ലാ കായിക മേളയിൽ**
**ചാമ്പ്യൻ ഷിപ്പ്,**
**ജില്ലാ കായിക മേളയിൽ**
**റണ്ണേഴ്സ് അപ്പ്**

**ഗോത്രവിഭാഗത്തിൽ നിന്ന് എം ബി ബി എസ് പ്രവേശനം നേടിയ പൂർവവിദ്യാർഥിനി ബി പ്രവീണയെ എം എൽ എ ഒ ആർ കേളു അനുമോദിക്കുന്നു.**






**എസ് എസ് എൽ സി വിദ്യാർഥികൾക്ക് നൽകിയ മോട്ടിവേഷൻ ക്ലാസ്**